# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1065.

13.6.2013 ൽ മറുപടിക്ക്

## കോളേജുകൾക്ക് സ്വയംഭരണാവകാശം

**ചോദ്യം**

**മറുപടി**

ശ്രീ. എം.എ. ബേബി :
ഡോ. കെ.ടി. ജലീൽ:
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയം ഭരണാവകാശം നൽകുന്നത് സംബന്ധിച്ച നയം എന്താണ്; വിശദമാക്കാമോ; | എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്ന നിലവാരം പുലർത്തുന്ന സർക്കാർ/എയ്ഡഡ് മേഖലയിലുള്ള തിരഞ്ഞെടുത്ത ആർട്സ് &സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അക്കാഡമിക് സ്വയംഭരണാവകാശം നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു സ്വയംഭരണ അംഗീകാര സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വയംഭരണാവകാശം സംബന്ധിച്ച ഒരു പ്രത്യേക അദ്ധ്യായം വിവിധ സർവ്വകലാശാലകളുടെ നിയമങ്ങളിൽ ഉൾപ്പെടുത്തുന്നതിനായി രൂപ രേഖ തയ്യാറാക്കുന്നതിന് നിയമ വകുപ്പ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ അംഗങ്ങളായ ഒരു രണ്ടംഗ സമിതിയും രൂപീകരിച്ചിട്ടുണ്ട്. |
| ബി) | സ്വയംഭരണാവകാശം നൽകുന്നതിന്റെ ഗുണദോഷവശങ്ങളെ സംബന്ധിച്ച് പഠനം നടത്തുകയുണ്ടായോ; എങ്കിൽ എന്താണ് വിലയിരുത്തൽ; | ബി) യും സി) യും | കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫസർ എൻ.ആർ.മാധവമേനോൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് അംഗീകരിച്ചുകൊണ്ടാണ് കോളേജുകൾക്ക് സ്വയംഭരണാവകാശത്തിന്റെ പദവി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പ്രൊഫസർ എൻ.ആർ.മാധവമേനോൻ കമ്മിറ്റി ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദഗ്ദ്ധരുമായും ബന്ധപ്പെട്ട സംഘടനകളുമായും ഇക്കാര്യത്തിൽ ചർച്ച |

| | | | |
|---|---|---|---|
| | | | നടത്തുകയും അവയിൽ നിന്നുള്ള അഭിപ്രായം കൂടി കണക്കിലെടുത്തുമാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. |
| സി) | ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദഗ്ധരുമായും ബന്ധപ്പെട്ട അദ്ധ്യാപക-വിദ്യാർത്ഥി സംഘടനകളുമായും ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം വേദികളിൽ ഉയർന്നുവന്ന അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ; | | |
| ഡി) | ഈ അദ്ധ്യയനവർഷം തന്നെ കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള നീക്കം നടക്കുന്നുണ്ടോ ; | ഡി) | കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| ഇ) | സംസ്ഥാനത്ത് പിന്നോക്ക-ദുർബല വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസം അപ്രാപ്യമാകുന്നതിലേയ്ക്ക് ഈ നടപടി നയിക്കും എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | ഇ) | പിന്നോക്ക ദുർബല വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ റിസർവേഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടാത്ത രൂപത്തിലായിരിക്കും സ്വയംഭരണാവകാശം നടപ്പിലാക്കുന്നത്. |
| എഫ്) | ഉന്നതവിദ്യാഭ്യാസരംഗത്ത് കച്ചവടവൽക്കരണത്തിനും സ്വകാര്യവൽക്കരണത്തിനും നിലവാരത്തകർച്ചയ്ക്കും ഇടയാക്കുന്ന. സ്വയംഭരണാവകാശം നൽകാനുള്ള നടപടികളിൽനിന്നും പിന്തിരിയാൻ തയ്യാറാകുമോ? | എഫ്) | കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതുമായി ബന്ധപ്പെട്ട് ഉയർന്നു വരുന്ന പരാതികൾ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ